**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6651** **11-11-2021 - ൽ മറുപടിയ്ക്ക്**

**വയോമിത്രം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | **Dr. R. Bindu**<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | വയോമിത്രം പദ്ധതി പ്രകാരം കഴിഞ്ഞ മൂന്ന് മാസമായി വയോജനങ്ങൾക്കുള്ള മരുന്ന് വിതരണം ചെയ്യാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | (എ) 2016 -ൽ കേരളത്തിൽ പ്രവർത്തിച്ചു വന്നിരുന്നത് 42 വയോമിത്രം യൂണിറ്റുകൾ മാത്രമായിരുന്നു. പദ്ധതി കൂടുതൽ ജനകീയമാക്കുന്നതിന്റെ ഭാഗമായി 2018-19 സാമ്പത്തിക വർഷം മുതൽ ഘട്ടം ഘട്ടമായി പദ്ധതി വിപുലീകരിക്കുകയും നിലവിൽ പദ്ധതി 96 യൂണിറ്റുകളിൽ പ്രവർത്തിച്ചു വരികയും ചെയ്യുന്നു. തത്ഫലമായി ഗുണഭോക്താക്കളുടെ എണ്ണത്തിലും മരുന്ന് ഉപഭോഗത്തിലും ആനുപാതികമായ വർദ്ധനവുണ്ടായിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം മുതൽ ഏകദേശം 84 കോടി രൂപയുടെ മരുന്ന് KMSCL വിതരണം ചെയ്തിട്ടുണ്ട്. ഏകദേശം 35% തുകയോളം KMSCL-ന് കുടിശ്ശിക നൽകേണ്ടതുണ്ട്. പ്രസ്തുത തുക ഘട്ടം ഘട്ടമായി നൽകി വരുന്നുണ്ട്. ചില ഘട്ടങ്ങളിൽ ചിലയിടങ്ങളിൽ ഭാഗീകമായി മരുന്ന് വിതരണം തടസ്സപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | മരുന്ന് വിതരണം ചെയ്യുന്ന കമ്പനിക്ക് തുക നൽകാത്തതിനാലാണോ വിതരണം മുടങ്ങിയതെന്ന് വെളിപ്പെടുത്തുമോ; | (ബി) | (ബി) 2016 -ൽ കേരളത്തിൽ പ്രവർത്തിച്ചു വന്നിരുന്നത് 42 വയോമിത്രം യൂണിറ്റുകൾ മാത്രമായിരുന്നു. പദ്ധതി കൂടുതൽ ജനകീയമാക്കുന്നതിന്റെ ഭാഗമായി 2018-19 സാമ്പത്തിക വർഷം മുതൽ ഘട്ടം ഘട്ടമായി പദ്ധതി വിപുലീകരിക്കുകയും നിലവിൽ പദ്ധതി 96 യൂണിറ്റുകളിൽ പ്രവർത്തിച്ചു വരികയും ചെയ്യുന്നു. തത്ഫലമായി ഗുണഭോക്താക്കളുടെ എണ്ണത്തിലും മരുന്ന് ഉപഭോഗത്തിലും ആനുപാതികമായ വർദ്ധനവുണ്ടായിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം മുതൽ ഏകദേശം 84 കോടി രൂപയുടെ മരുന്ന് KMSCL വിതരണം ചെയ്തിട്ടുണ്ട്. ഏകദേശം 35% തുകയോളം KMSCL-ന് കുടിശ്ശിക നൽകേണ്ടതുണ്ട്. പ്രസ്തുത തുക ഘട്ടം ഘട്ടമായി നൽകി വരുന്നുണ്ട്. ചില ഘട്ടങ്ങളിൽ |

| | | | |
|---|---|---|---|
| | | | ചിലയിടങ്ങളിൽ ഭാഗീകമായി മരുന്ന് വിതരണം തടസ്സപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | പ്രസ്തുത കുടിശ്ശിക അടിയന്തരമായി നൽകി മരുന്നുവിതരണം പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | (സി) കുടിശ്ശിക തുക ഘട്ടം ഘട്ടമായി നൽകിക്കൊണ്ടിരിക്കുന്നു. കുടിശ്ശിക തുകയിൽ 4 കോടി രൂപ ഇതിനോടകം തന്നെ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. ബാക്കി തുക അധിക ധനാഭ്യർത്ഥന മുഖേന ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ